# 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2021-2022 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2021-2022 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2021-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2021-2022 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 1435,58,02,000 രൂപ നൽകൽ.—2021-2022 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം ആയിരത്തിനാനൂറ്റിമുപ്പത്തിയഞ്ചുകോടി അമ്പത്തെട്ടുലക്ഷത്തിരണ്ടായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കേണ്ടതാണ്.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (₹) | സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തത് (₹) | ആകെ (₹) |
| 1 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 1,31,02,000 | .. | 1,31,02,000 |
| 2 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 10,00,00,000 | .. | 10,00,00,000 |
| 3 | XV | പൊതുമരാമത്ത് | റവന്യൂ | 118,31,57,000 | .. | 118,31,57,000 |
| | | | മൂലധനം | 688,32,59,000 | .. | 688,32,59,000 |
| 4 | XVI | പെൻഷനും പലവകയും | റവന്യൂ | 138,06,09,000 | .. | 138,06,09,000 |
| 5 | XXI | ഭവനനിർമ്മാണം | റവന്യൂ | 1,000 | .. | 1,000 |
| 6 | XXII | നഗരവികസനം | റവന്യൂ | 1,000 | .. | 1,000 |
| 7 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 4,000 | .. | 4,000 |
| | | | മൂലധനം | 4,000 | .. | 4,000 |
| 8 | XXX | ഭക്ഷ്യം | റവന്യൂ | 475,94,00,000 | .. | 475,94,00,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 9 | XXXV | പഞ്ചായത്ത് | റവന്യൂ | 1,000 | .. | 1,000 |
| 10 | XXXVI | ഗ്രാമവികസനം | മൂലധനം | 1,000 | .. | 1,000 |
| 11 | XXXVII | വ്യവസായങ്ങൾ | മൂലധനം | 1,000 | .. | 1,000 |
| 12 | XLI | ഗതാഗതം | മൂലധനം | 3,62,60,000 | .. | 3,62,60,000 |
| 13 | XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 1,000 | .. | 1,000 |
| | | **ആകെ** | | **1435,58,02,000** | *0* | **1435,58,02,000** |